കുസാറ്റ്

ഭരണഭാഷാവാരാചരണം 2026

സമഗ്ര റിപ്പോർട്ട്



CUSAT

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ (കുസാറ്റ്) ഭരണഭാഷാവാരാചരണത്തിന്റെ ഭാഗമായി 2026 നവംബർ 1 മുതൽ 7 വരെ വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

മലയാളഭാഷയുടെ പ്രചാരണം ശക്തിപ്പെടുത്തുക, ഭരണനിർവഹണത്തിലും ഔദ്യോഗിക ആശയവിനിമയത്തിലും മലയാളത്തിന്റെ ഉപയോഗം വർധിപ്പിക്കുക, ഭാഷയുടെ സാഹിത്യ-സാംസ്കാരിക സമ്പന്നത വിദ്യാർഥികളിലും ജീവനക്കാരിലും പരിചയപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെയാണ് വാരാചരണം സംഘടിപ്പിച്ചത്.

വാരാചരണത്തിന്റെ ഭാഗമായി ഭരണഭാഷാപ്രതിജ്ഞ, സാഹിത്യ-സാംസ്കാരിക പരിപാടികൾ, ഭാഷാ മത്സരങ്ങൾ, പ്രതിദിന പ്രശ്നോത്തരി, പ്രഭാഷണങ്ങൾ, ചർച്ചകൾ, സംവാദങ്ങൾ, പുസ്തകമേള, ഖാദി ഫെസ്റ്റ് എന്നിവ സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി നവംബർ 2 മുതൽ 7 വരെ 'അറ (അ മുതൽ റ വരെ) – വിജ്ഞാനത്തിന്റെയും സംവാദത്തിന്റെയും ഇടം' എന്ന പേരിൽ ഒരാഴ്ച നീണ്ടുനിന്ന സാംസ്കാരികോത്സവവും നടന്നു.

'അറ'യുടെ ലോഗോ പ്രകാശനം കുസാറ്റ് രജിസ്ട്രാർ ഡോ. ഹരിഗോവിന്ദ് പി.സി നിർവഹിച്ചു.



നവംബർ 1 (കേരളപ്പിറവി ദിനവും ഭരണഭാഷാപ്രതിജ്ഞയും)

കേരളപ്പിറവി ദിനമായ നവംബർ 1-ന് അവധിയായിരുന്നതിനാൽ ഭരണഭാഷാപ്രതിജ്ഞയുടെ ഉള്ളടക്കം സാമൂഹികമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും സർവകലാശാലയിലെ ജീവനക്കാർ, വിദ്യാർഥികൾ, പൊതുജനങ്ങൾ എന്നിവരോട് പ്രതിജ്ഞയിൽ പങ്കുചേരാൻ ആഹ്വാനം ചെയ്യുകയും ചെയ്തു.





നവംബർ 2 (ഭരണഭാഷാപ്രതിജ്ഞയും 'അറ' സാംസ്കാരികോത്സവത്തിന്റെ ഉദ്ഘാടനവും)

രാവിലെ 11 മണിക്ക് വൈസ് ചാൻസലർ പ്രൊഫ. ഡോ. എം. ജുനൈദ് ബുഷിരിയുടെ നേതൃത്വത്തിൽ **ഭരണഭാഷാപ്രതിജ്ഞ** സംഘടിപ്പിച്ചു. തുടർന്ന് രാവിലെ 11.30-ന് സെമിനാർ കോംപ്ലക്സിലെ എക്സിക്യൂട്ടീവ് ഹാളിൽ **ഫയൽ വർത്തമാനം** എന്ന മത്സരപരിപാടി നടന്നു.



ഉച്ചയ്ക്ക് 1.30-ന് സെമിനാർ കോംപ്ലക്സ് മിനി ഹാളിൽ എഴുത്തുകാരനും തിരക്കഥാകൃത്തുമായ **പി. വി. ഷാജികുമാർ 'അറ (അ മുതൽ റ വരെ) വിജ്ഞാനത്തിന്റെയും സംവാദത്തിന്റെയും ഇടം' എന്ന സാംസ്കാരികോത്സവം ഉദ്ഘാടനം ചെയ്തു.** വൈസ് ചാൻസലർ പ്രൊഫ. ഡോ. എം. ജുനൈദ് ബുഷിരി അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. കെ. കെ. കബീർ, ഡോ. പ്രവീൺ സി. എസ്., രജിസ്ട്രാർ ഡോ. ഹരിഗോവിന്ദ് പി. സി., പരീക്ഷാ കൺട്രോളർ ഡോ. ജാബിർ കെ. വി. ടി., ഫിനാൻസ് ഓഫീസർ സി.എം.എ. ഗിരീഷ് കുമാർ പി. ജി., പബ്ലിക് റിലേഷൻസ് ഓഫീസർ ഉമേഷ് ബാലകൃഷ്ണൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



വൈകിട്ട് 4.30-ന് **'കേരളം: ജനാധിപത്യത്തിന്റെ ഏഴ് പതിറ്റാണ്ട്'** എന്ന വിഷയത്തിൽ സാഹിത്യചർച്ച സംഘടിപ്പിച്ചു. അഭിഭാഷകനും രാഷ്ട്രീയ നിരീക്ഷകനുമായ അഡ്വ. എ. ജയശങ്കർ ചർച്ചയിൽ പങ്കെടുത്തു.



നവംബർ 3 (ഭാഷാ ക്വിസ്, സിനിമാ നിരൂപണം, വയലാർ ഗാനസംഗമം)

ഉച്ചയ്ക്ക് 1.30-ന് സെമിനാർ കോംപ്ലക്സ് മിനി ഹാളിൽ **ഭാഷാ ക്വിസ്** സംഘടിപ്പിച്ചു. എക്സിക്യൂട്ടീവ് ഹാളിൽ സിനിമാ നിരൂപണവും നടന്നു.



വൈകിട്ട് 4.30-ന് **'വയലാറിന്റെ അക്ഷരലോകം'** എന്ന വിഷയത്തിൽ മലയാള ചലച്ചിത്രഗാന ചരിത്രകാരനും അധ്യാപകനുമായ ഡോ. സജിത്ത് ഏവൂരേത്ത് അവതരണം നടത്തി. തുടർന്ന് വോയ്സ് ഓഫ് കുസാറ്റിന്റെ നേതൃത്വത്തിൽ **വയലാർ ഗാനസംഗമം** സംഘടിപ്പിച്ചു. വയലാറിന്റെ സാഹിത്യ-സംഗീത സംഭാവനകളെ പരിചയപ്പെടുത്തുന്നതിനും മലയാള ഗാനങ്ങളുടെ സാംസ്കാരിക പ്രാധാന്യം പങ്കുവെക്കുന്നതിനും ഈ പരിപാടി വേദിയായി.





നവംബർ 4 (സാഹിത്യ മത്സരങ്ങളും കവിതാപാരായണവും ഭാഷാ ചർച്ചയും)

ഉച്ചയ്ക്ക് 1.30-ന് സെമിനാർ കോംപ്ലക്സ് എക്സിക്യൂട്ടീവ് ഹാളിൽ **വരികൾക്കപ്പുറം** എന്ന മത്സരം സംഘടിപ്പിച്ചു. മിനി ഹാളിൽ **കവിതാപാരായണം, ഒരു നിമിഷം** (പ്രസംഗം) എന്നീ പരിപാടികളും നടന്നു.







വൈകിട്ട് 4.30-ന് **'ദേശാന്തരങ്ങളും ഭാഷയും'** എന്ന വിഷയത്തിൽ ചർച്ച സംഘടിപ്പിച്ചു. എഴുത്തുകാരനും മാധ്യമപ്രവർത്തകനുമായ മാങ്ങാട് രത്നാകരൻ, 24 ന്യൂസ് സാഹിത്യവിഭാഗം മേധാവി സ്മിത ഹരിദാസ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു. ഭാഷയും ദേശാന്തര അനുഭവങ്ങളും തമ്മിലുള്ള ബന്ധം ചർച്ചാവിഷയമായി.



നവംബർ 5 (സാഹിത്യ പരിപാടി)

വൈകിട്ട് 4.30-ന് **'ഭീതിയുടെ അന്വേഷണഭാഷ'** എന്ന വിഷയത്തിൽ സാഹിത്യപരിപാടി സംഘടിപ്പിച്ചു. എഴുത്തുകാരായ ശ്രീപാർവതി, എസ്. കെ. ഹരിനാഥ്, മാധ്യമപ്രവർത്തകൻ ജിഷ്ണു രവീന്ദ്രൻ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. സാഹിത്യവും ഭാഷയും സംബന്ധിച്ച ആശയവിനിമയത്തിനും സർഗാത്മകമായ സംവാദത്തിനും പരിപാടി വേദിയായി.



നവംബർ 6 (ഭരണഭാഷാ ക്ലാസും മാധ്യമപ്രവർത്തകരുമായുള്ള സംവാദവും)

രാവിലെ 11.30-ന് **ഭരണഭാഷാ ക്ലാസ്** സംഘടിപ്പിച്ചു. പന്തളം എൻഎസ്എസ് കോളേജിൽ മലയാളം അധ്യാപകനായ ഡോ. മുരുകേഷ് എസ് പട്ടാഴി ക്ലാസിന് നേതൃത്വം നൽകി. ഭരണഭാഷയുടെ പ്രാധാന്യം, ഔദ്യോഗിക ആവശ്യങ്ങൾക്കായി മലയാളം ഉപയോഗിക്കേണ്ടതിന്റെ പ്രസക്തി, ഭരണനിർവഹണത്തിൽ മലയാളത്തിന്റെ പ്രയോഗം വർധിപ്പിക്കേണ്ടതിന്റെ ആവശ്യകത എന്നിവ അദ്ദേഹം വിശദീകരിച്ചു.



2.30-ന് ഹിന്ദി വകുപ്പ് ഓഡിറ്റോറിയത്തിൽ **'വാർത്തയുടെ നർമ്മലോകം'** എന്ന വിഷയത്തിൽ മാധ്യമപ്രവർത്തകരുമായുള്ള സംവാദം സംഘടിപ്പിച്ചു. ഏഷ്യാനെറ്റ് ന്യൂസിലെ നിഷാന്ത്, മനോരമ ന്യൂസിലെ ജയമോഹൻ, മീഡിയവണിലെ സെയ്ഫ് സൈനുലാബിദീൻ എന്നിവർ സംവാദത്തിൽ പങ്കെടുത്തു. വാർത്താമാധ്യമങ്ങളിലെ നർമ്മത്തിന്റെ പ്രയോഗവും വാർത്താവിനിമയത്തിലെ ഭാഷയുടെ പ്രാധാന്യവും ചർച്ചയായി.



നവംബർ 7 (സമാപനച്ചടങ്ങും ഭരണഭാഷാപുരസ്കാര വിതരണവും)

വാരാചരണത്തിന്റെ സമാപനച്ചടങ്ങ് സെനറ്റ് ഹാളിൽ സംഘടിപ്പിച്ചു. ഉച്ചയ്ക്ക് 1.30-ന് ആരംഭിച്ച ചടങ്ങിൽ **എഴുത്തുകാരനും മുൻ ഐ.എ.എസ്. ഉദ്യോഗസ്ഥനുമായ കെ. വി. മോഹൻകുമാർ മുഖ്യാതിഥിയായി** പങ്കെടുത്തു. വൈസ് ചാൻസലർ പ്രൊഫ. ഡോ. എം. ജുനൈദ് ബുഷിരി അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റ് അംഗം അരുൺ എസ്. പി., രജിസ്ട്രാർ ഡോ. ഹരിഗോവിന്ദ് പി. സി., പരീക്ഷാ കൺട്രോളർ ഡോ. ജാബിർ കെ. വി. ടി. എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



ചടങ്ങിൽ **ഭരണഭാഷാപുരസ്കാരങ്ങൾ** വിതരണം ചെയ്തു. ഗ്രൂപ്പ് ബി വിഭാഗത്തിൽ കുസാറ്റ് ഭരണവിഭാഗം ജി ഓഫീസ് സൂപ്രണ്ട് ജ്യോതി എൽ, റെക്കോർഡ്സ് വിഭാഗം സെക്ഷൻ ഓഫീസർ ഷൈനി അഗസ്റ്റിൻ എന്നിവർ ഒന്നും രണ്ടും സ്ഥാനം നേടി. ഗ്രൂപ്പ് സി (കമ്പ്യൂട്ടർ അസിസ്റ്റൻറ്) വിഭാഗത്തിൽ കുസാറ്റ് ഫെയർ കോപ്പി വിഭാഗത്തിലെ മീനു ഗണേഷ് ഒന്നാം സ്ഥാനവും നീതു അശോക് കുമാർ രണ്ടാം സ്ഥാനവും നേടി. ഒന്നാം സ്ഥാനം നേടിയവർക്ക് 5000 രൂപയും മൊമെന്റോയും സദ്സേവനരേഖയും, രണ്ടാം സ്ഥാനം നേടിയവർക്ക് 3000 രൂപയും മൊമെന്റോയും സദ്സേവനരേഖയും സമ്മാനിച്ചു.

ഇതോടെ ഒരാഴ്ച നീണ്ടുനിന്ന ഭരണഭാഷാവാരാചരണത്തിനും 'അറ' സാംസ്കാരികോത്സവത്തിനും സമാപനമായി.









മറ്റ് അനുബന്ധ പരിപാടികൾ

വാരാചരണത്തിന്റെ ഭാഗമായി നവംബർ 2 മുതൽ 7 വരെ വിവിധ മത്സരങ്ങൾക്കും സായാഹ്ന ചർച്ചകൾക്കും പുറമെ **പുസ്തകമേളയും ഖാദി ഫെസ്റ്റും** സംഘടിപ്പിച്ചു. സാഹിത്യം, രാഷ്ട്രീയം, സിനിമ, മാധ്യമപ്രവർത്തനം, സംഗീതം, ഭാഷ എന്നിവയുമായി ബന്ധപ്പെട്ട വിവിധ മേഖലകളിലെ പ്രമുഖർ പരിപാടികളിൽ പങ്കെടുത്തു. എഴുത്തുകാരും മാധ്യമപ്രവർത്തകരും അധ്യാപകരും വിദ്യാർഥികളും ജീവനക്കാരും ഉൾപ്പെടെ വിവിധ വിഭാഗങ്ങളുടെ പങ്കാളിത്തം പരിപാടികൾക്ക് വൈവിധ്യം നൽകി.


PRANATHA
PRANATHA BOOKS
MORNING STAR BUILDING KACHERIPADI, KOCHI 18
TEL. 0484 2390060, 9349494919
പ്രണത ബുക്സ്
കച്ചേരിപ്പടി, കൊച്ചി 18


DC Books
ALUVA


കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്
Govt. of Kerala
ഖാദി ഗ്രാമസൗഭാഗ്യ
ഖാദിടവർ, കലൂർ,കൊച്ചി
E-mail :khadigramasoubhagyakaloor17@gmail.com
Ph: 9495763514



മലയാളഭാഷയുടെ പ്രചാരണം ശക്തിപ്പെടുത്തുന്നതിനും ഭരണനിർവഹണത്തിലും ഔദ്യോഗിക ആശയവിനിമയത്തിലും മലയാളത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ഭരണഭാഷാവാരാചരണത്തിലൂടെ സാധിച്ചു. ഭരണഭാഷാപ്രതിജ്ഞ, ഭരണഭാഷാപുരസ്കാരങ്ങൾ, ഭാഷാ മത്സരങ്ങൾ, സാഹിത്യചർച്ചകൾ, കവിതാപാരായണം, ഗാനസംഗമം, ഭരണഭാഷാ ക്ലാസ്, മാധ്യമപ്രവർത്തകരുമായുള്ള സംവാദം തുടങ്ങിയ പരിപാടികൾ ഭാഷയുടെ വിവിധ തലങ്ങളിലുള്ള പ്രാധാന്യം ഉയർത്തിക്കാട്ടി.

'അറ' സാംസ്കാരികോത്സവം വിദ്യാർഥികൾക്കും ജീവനക്കാർക്കും എഴുത്തുകാരുമായും സാഹിത്യ-സാംസ്കാരിക മേഖലകളിലെ പ്രമുഖരുമായും സംവദിക്കാനും മലയാളഭാഷയുടെ വൈവിധ്യവും സമ്പന്നതയും അടുത്തറിയാനും അവസരമൊരുക്കി. സർവകലാശാലയുടെ അക്കാദമിക-ഭരണപരമായ പ്രവർത്തനങ്ങളിൽ മലയാളഭാഷയുടെ ഉപയോഗം കൂടുതൽ വ്യാപിപ്പിക്കേണ്ടതിന്റെ പ്രാധാന്യം അടിവരയിട്ടുകൊണ്ടാണ് ഭരണഭാഷാവാരാചരണം സമാപിച്ചത്.